Jagratha 068

Vol-II, Issue :34
27- 10- 2008

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com
(For Private Circulation Only)

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

# ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

## പ്രധാന വാർത്തകൾ

*01. അന്യമതങ്ങളുടെ അന്തഃസത്ത മനസ്സിലാക്കാത്തവരാണ് പ്രശ്നക്കാർ : മന്ത്രി ശിവാജ് പാട്ടീൽ*

*02. ദയാവധവും ആത്മഹത്യയും മനുഷ്യാവകാശമല്ല : കെ.സി.ബി.സി പ്രോലൈഫ് സമിതി*

*03. പട്ടികവർഗ്ഗക്കാരുടെ മെഡിക്കൽ പ്രവേശനം : വിദ്യാഭ്യാസമന്ത്രി ഉത്തരവാദിയെന്ന് ഇന്റർ ചർച്ച് കൗൺസിൽ*

*04. വിദ്യാർത്ഥികൾ മൂല്യാധിഷ്ഠിത ഭാവി ലക്ഷ്യം വയ്ക്കണം : മാർ പൗവ്വത്തിൽ*

*05. ക്രൈസ്തവ വിശ്വാസം കാത്തുസൂക്ഷിക്കണം : മാർ മാത്യു അറക്കൽ*

*06. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് നീതി നിഷേധിക്കുന്നു : ഇന്റർ ചർച്ച് കൗൺസിൽ*

*07. വിശുദ്ധ അൽഫോൻസാമ്മ ക്രൈസ്തവ വിശ്വാസത്തിന്റെ മാതൃക : മാർ ആനിക്കുഴിക്കാട്ടിൽ*

*08. കാനൻ നിയമം സഭയ്ക്ക് പരിരക്ഷ : ബിഷപ് തെക്കെത്തേച്ചേരിൽ*

### 01. അന്യമതങ്ങളുടെ അന്ത:സത്ത മനസിലാക്കാത്തവരാണു പ്രശ്നക്കാർ: മന്ത്രി പാട്ടീൽ 20-10-2008

അന്യമതങ്ങളുടെ അന്ത:സത്ത മനസിലാക്കാത്തവരാണു ചില സംസ്ഥാനങ്ങളിൽ പ്രശ്നത്തിനു കാരണമെന്നു കേന്ദ്ര ആഭ്യന്തര മന്ത്രി ശിവരാജ് പാട്ടീൽ. എറണാകുളം മറൈൻ ഡ്രൈവിൽ ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവയുടെ പൗരോഹിത്യ സുവർണ ജൂബിലി ആഘോഷങ്ങളുടെ സമാപന യോഗത്തിൽ മുഖ്യ പ്രഭാഷണം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യക്ക് ക്രൈസ്തവ സഭകൾ നൽകിയ സംഭാവന മഹത്തരമാണ്. എല്ലാ മതങ്ങളെയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തു കൊണ്ടുള്ള ഒരു നയമാണ് ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്നത്. എന്നാൽ, ചില സംസ്ഥാനങ്ങളിൽ മതസ്പർധയും അക്രമവും രക്തച്ചൊരിച്ചിലും മതത്തിന്റെ പേരിൽ നടക്കുന്നുണ്ടെന്നും അക്രമങ്ങളെ ശക്തമായി നേരിടുമെന്നും ശിവരാജ് പാട്ടീൽ പറഞ്ഞു. അടുത്തയിടെ ഒറീസ ഉൾപ്പെടെ ചില സംസ്ഥാനങ്ങളിലുണ്ടായ അക്രമങ്ങളെ സൂചിപ്പിക്കുകയായിരുന്നു അദ്ദേഹം. ഭരണഘടന അനുശാസിക്കുന്ന കാര്യങ്ങൾക്കെതിരേയുള്ള പ്രവർത്തനങ്ങളെ ശക്തമായി നേരിടുക തന്നെ ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.വർധിച്ചു വരുന്ന ഭൗതികതയും സ്വാർഥതയും മനുഷ്യനെ ദൈവത്തിൽ നിന്നും അകറ്റുകയും വിവിധ രാജ്യങ്ങൾ തമ്മിലും മനുഷ്യർ തമ്മിലും നിലനിന്നിരുന്ന സഹിഷ്ണുതയ്ക്കും സ്നേഹബന്ധത്തിനും മങ്ങലേൽപ്പിക്കുകയും ചെയ്തിരിക്കുന്നതായി ആകമാന സുറിയാനി സഭയുടെ പരമാധ്യക്ഷൻ മാർ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ജനങ്ങൾക്കിടയിൽ പരസ്പരധാരണയും ഐക്യവും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും ഉറപ്പാക്കുന്നതിനും മതനേതാക്കൾക്കും സാമൂഹ്യ നേതാക്കൾക്കും രാഷ്ട്രീയ പ്രവർത്തകർക്കും ഏറെ പങ്കു വഹിക്കാനുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഉദ്ഘാടനത്തിനു ശേഷം ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവയ്ക്ക് രണ്ടു മുദ്രമാലയും കുരിശുമാലയും അടങ്ങുന്ന ഐക്കണും മോതിരവും അദ്ദേഹം സമ്മാനിച്ചു.

### 02. ദയാവധവും ആത്മഹത്യയും മനുഷ്യാവകാശമല്ല: കെ.സി.ബി.സി പ്രോലൈഫ് സമിതി 15-10-2008

കേരളത്തിൽ ദയാവധം അനുവദിക്കാനും ആത്മഹത്യാശ്രമം കുറ്റകരമല്ലാതാക്കാനുമുള്ള നിയമപരിഷ്കരണ കമ്മീഷന്റെ ശിപാർശ മനുഷ്യജീവന് ഏറ്റവും അപകടകരമായ നിർദേശമായതിനാൽ അതിൽ നിന്ന് പിന്മാറണമെന്ന് അഖില കേരള പ്രോലൈഫ് സമിതി ആവശ്യപ്പെട്ടു.

ദാരിദ്ര്യം, കടം, കടുത്ത രോഗങ്ങൾ തുടങ്ങിയവകൊണ്ട് വലയുന്നവരെ അതിൽനിന്ന് മോചിപ്പിക്കുന്നതിനുവേണ്ടി ജീവനൊടുക്കാൻ അനുവദിക്കണമെന്നാവശ്യപ്പെടുന്നത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന നിർദേശമാണ്. നിസ്സാരമായ വിഷയങ്ങളാൽ വിഷമിക്കുന്നവരെപ്പോലും ക്രൂരമായ ഈ പ്രവൃത്തി ചെയ്യുന്നതിന് പ്രേരിപ്പിക്കുന്ന ഇത്തരം നിയമങ്ങൾ രൂപപ്പെടുത്തുന്നവരെ നയിക്കുന്ന ചോതോവികാരം എന്താണെന്ന് സംശയിക്കുന്നു. ജീവനൊടുക്കാൻ ശ്രമിച്ച് പരാജയപ്പെടുന്നവരെ കുറ്റക്കാരായി കാണുന്ന ഇന്ത്യൻ പീനൽകോഡ് 309- ാം വകുപ്പ് റദ്ദാക്കണമെന്നാണിവർ നിർദേശിക്കു ന്നത്.ദയാവധം എന്ന നിയമം ലോകത്ത് ഏഴു രാജ്യത്ത് മാത്രമാണ് അനുവദിച്ചിട്ടുള്ളത് എന്നത് ഈ നിയമത്തിന്റെ ബീഭത്സത എത്ര വലുതെന്ന് വ്യക്തമാക്കുന്നു. മൂന്നാമത്തെ കുഞ്ഞ് ഉണ്ടായാൽ ശിക്ഷാനടപടികൾ എടുക്കുമെന്ന് ഉത്തരവിറക്കിയ അതേ കമ്മീഷൻ തന്നെയാണ് ദയാവധത്തിനും ആത്മഹത്യയ്ക്കും അനുകൂലമായ നിയമരൂപീകരണത്തിന് ഒരുങ്ങുന്നത്.

ജീവൻ ദൈവത്തിന്റെ ദാനമാണ്. ദൈവത്തിനു മാത്രമാണ് ജീവന്റെമേൽ പരമാധികാരമുള്ളത്. മനുഷ്യജീവൻ അതിന്റെ ഉത്ഭവനിമിഷം മുതൽ സ്വാഭാവിക അന്ത്യം വരെ സംരക്ഷിക്കപ്പെടേണ്ടതാണ്. മനുഷ്യത്വം ആദരിക്കപ്പെടേണ്ടതാണ്. മനുഷ്യന്റെ വേദന കുറയ്ക്കുന്നതിനുള്ള സംവിധാനങ്ങൾ വൈദ്യശാസ്ത്രത്തിൽ ഇന്നുണ്ട്. വൃദ്ധരെയും മരണാസന്നരെയും പരിപാലിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ സംസ്ഥാനം ശ്രമിക്കണം. 309-ാം വകുപ്പ് എടുത്തു കളയുന്നതുവഴി ആത്മഹത്യകൾ വർദ്ധിക്കാനിടയാകും. ആത്മഹത്യാ പ്രവണതയുള്ളവരെ മാനസികമായി സഹായിക്കാനുള്ള സംവിധാനങ്ങൾ സംജാതമാക്കുകയാണ് വേണ്ടത്. അല്ലാതെ വിലപിടിപ്പുള്ള ജീവനെ നശിപ്പിക്കാനുള്ള പദ്ധതികൾ രൂപപ്പെടുത്തുകയല്ല വിദ്യാസമ്പന്നരും സാംസ്കാരികനായകരും ഉൾക്കൊള്ളുന്ന കേരള "ലോ റിഫോംസ്" കമ്മീഷൻ ചെയ്യേണ്ടത്. ഇത്തരം നിയമങ്ങൾക്കെതിരെയുള്ള അഖിലകേരള പ്രോലൈഫ് സമിതിയുടെ സംസ്ഥാനതല പ്രതിഷേധ പരിപാടികളുടെ ഉദ്ഘാടനം തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റ് നടയിൽ നടക്കുന്ന ധർണയോടെ നിർവഹിക്കും. കെ.സി.ബി.സി പ്രോലൈഫ് ചെയർമാൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ അധ്യക്ഷതയിൽ ചേർന്ന യോഗം ഈ നിയമങ്ങൾക്കെതിരേ ശക്തമായ പ്രതിഷേധ പ്രക്ഷോപണപരിപാടികൾ നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്. യോഗത്തിൽ പ്രസിഡന്റ് റവ.ഡോ.ജോസ് കോട്ടയിൽ, സെക്രട്ടറി എബ്രഹാം പുത്തൻകളം, ജോർജ് എഫ്.സേവ്യർ, ജേക്കബ് മാത്യു പള്ളിവാതുക്കൽ, അഡ്വ.ജോസി സേവ്യർ, സാബു ജോസ്, അഡ്വ.തോമസ് തണ്ണിപ്പാറ എന്നിവർ പ്രസംഗിച്ചു.

### 03. പട്ടികവർഗക്കാരുടെ മെഡിക്കൽ പ്രവേശനം: വിദ്യാഭ്യാസമന്ത്രി ഉത്തരവാദിയെന്ന് ഇന്റർ ചർച്ച് കൗൺസിൽ 17-10-2008

കേരള സർക്കാരിന്റെ മെഡിക്കൽ എൻട്രൻസ് പരീക്ഷയിൽ 40 ശതമാനം മാർക്കുള്ള പട്ടികവർഗ വിദ്യാർഥികളില്ലാതായത് സർക്കാരിന്റെ പിടിവാശികൊണ്ടാണെന്ന് ഇന്റർ ചർച്ച് കൗൺസിൽ. അതുകൊണ്ടാണ് 33 സീറ്റുകൾ അവർക്കുവേണ്ടി മാറ്റിവയ്ക്കപ്പെട്ടത് വിദ്യാർഥികളില്ലാതെ കിടക്കാനിടയാക്കിയത്. അതിന് മെഡിക്കൽ കൗൺസിലിനെ പ്രതികൂട്ടിലാക്കാൻ വിദ്യാഭ്യാസവകുപ്പ് നടത്തുന്ന ശ്രമങ്ങൾ വിചിത്രവും തികച്ചും അപഹാസ്യവുമാണ്. പട്ടികവർഗ വിദ്യാർഥികൾ സുപ്രീം കോടതിയിൽ കേസ് നടത്തേണ്ട സാഹചര്യവും സർക്കാരിന്റെ സൃഷ്ടിയാണെന്ന് ഇന്റർചർച്ച് കൗൺ സിൽ ഫോർ എഡ്യൂക്കേഷൻ വക്താവ് ഫാ. ഫിലിപ്പ് നെൽപ്പുരപ്പറമ്പിൽ ആരോപിച്ചു. സ്വാശ്രയ മെഡിക്കൽ കോളജുകളെ തങ്ങളുടെ കൈപ്പിടിയിലാക്കാൻ വിദ്യാഭ്യാസവകുപ്പ് ആസൂത്രണം ചെയ്ത പദ്ധതികളാണ് യഥാർഥത്തിൽ പട്ടികവർഗ വിദ്യാർഥികൾക്ക് മെഡിക്കൽ പ്രവേശനം നിഷേധിക്കുന്ന സാഹചര്യത്തിലെത്തിച്ചത്. പ്രവേശനപരീക്ഷയിൽ തെറ്റായ ഉത്തരങ്ങൾക്ക് നെഗറ്റീവ് മാർക്ക് നൽകി അമ്പതു ശതമാനം മാർക്കുള്ള വിദ്യാർഥികളുടെ എണ്ണം പരിമിത പ്പെടുത്തുന്ന സർക്കാരിന്റെ തന്ത്രമാണ് ഇവിടെ പാളിയത്.അതിന് ബലിയാടുകളാകേണ്ടിവന്നത് പാവപ്പെട്ട പട്ടികവർഗ വിദ്യാർഥികളും ഒപ്പം ഹയർ സെക്കൻഡറി പരീക്ഷയ്ക്ക് ഏറ്റം കൂടുതൽ മാർ ക്ക് വാങ്ങിയെങ്കിലും എൻട്രൻസ് പരീക്ഷയിൽ മാർക്ക് കുറഞ്ഞവരുമാണ്.സർക്കാർ മെഡിക്കൽ കോളജുകളിലെ സീറ്റുകൾക്ക് മാത്രം വേണ്ടത്ര വിദ്യാർഥികൾക്കു പ്രവേശനരീതിയിൽ അമ്പത് ശതമാനം മാർക്ക് കിട്ടുന്ന സാഹചര്യത്തിൽ സ്വാശ്രയ മെഡിക്കൽ കോളജുകളിൽ യോഗ്യതാവിദ്യാർഥികളില്ലാത്ത സാഹചര്യം സംജാതമാകും.

അപ്പോൾ അവർ സർക്കാരിനെ ആശ്രയിക്കേണ്ടിവരികയും സർക്കാരിന് അവരെ തങ്ങളുടെ താളത്തിൽ തുള്ളിക്കയും ചെയ്യാം എന്നതായിരുന്നു കണക്കുകൂട്ടൽ.തെറ്റായ ഉത്തരങ്ങൾ എഴുതിയതിന് നെഗറ്റീവ് മാർക്ക് നൽകുന്ന തികച്ചും അശാസ്ത്രീയമായ ഒപ്പം ചില കഴിവുകളെമാത്രം പരിശോധിക്കുന്ന പ്രവേശന പരീക്ഷാസമ്പ്രദായത്തിൽ മാറ്റം വന്നാൽതന്നെ കേരളത്തിൽ അമ്പതു ശതമാനം മാർക്കുകിട്ടുന്ന വിദ്യാർഥികളുടെ പട്ടികവർഗ വിദ്യാർഥികളുടെ ഉൾപ്പെടെയുള്ളവരുടെ എണ്ണം ഉയരും. ഇപ്പോൾ നടന്ന പ്രവേശന പരീക്ഷാപേപ്പറുകൾ പോലും പുനർപരിശോധനയ്ക്ക് കൗൺസിലിന്റെ നിർദേശമനുസരിച്ച് യോഗ്യരായ വിദ്യാർഥികളെ പട്ടികവർഗക്കാരിൽനിന്നു ലഭിക്കും. ഹയർ സെക്കൻഡറി പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി-പട്ടികവർഗ വിദ്യാർഥികൾക്കു പ്രവേശനം നൽകണമെന്ന കേരള സർക്കാർ സുപ്രീംകോടതിയിൽ വാദിക്കുമ്പോൾ ഇപ്പോഴത്തെ സാഹചര്യം അവർതന്നെ സൃഷ്ടിച്ചതാണെന്നകാര്യം സൗകര്യപൂർവം വിസ്മരിക്കുകയാണ് ചെയ്യുന്നത്.

മെഡിക്കൽ കൗൺസിലിന്റെ പ്രവേശന പരീക്ഷയിൽ അമ്പതു ശതമാനം മാർക്കുള്ളവരെ മാത്രമേ പ്രവേശിപ്പിക്കൂ എന്ന നിലപാടിനെ ആക്ഷേപിക്കുന്ന വിദ്യാഭ്യാസവകുപ്പും മറ്റും തങ്ങൾ നടത്തിയ പ്രവേശന പരീക്ഷയിൽ അന്യായമായി നെഗറ്റീവ് മാർക്ക് ഏർപ്പെടുത്തിയാണ് വിദ്യാർഥികളുടെ ഭാവി തുലച്ചതെന്ന കാര്യം സൗകര്യപൂർവം മറക്കുന്നു. ഇപ്പോൾ പട്ടിക വർഗ വിദ്യാർഥികൾക്കു പ്രത്യേക പരിശീലനം കൊടുക്കാൻ പോകുന്നതും പ്രത്യേകം പരീക്ഷ നടത്താൻ പോകുന്നതും പൊതുജനത്തിന്റെ കണ്ണിൽ മണ്ണിടാനുള്ള വിദ്യയാണ്. സ്വാശ്രയമെഡിക്കൽ കോളജുകളെ, പ്രത്യേകിച്ചും സർക്കാരുമായി കരാർ ഒപ്പിടാത്ത മെഡിക്കൽ കോളജുകളെ ഒരു പാഠം പഠിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആസൂത്രണം ചെയ്ത വിദ്യാഭ്യാസവകുപ്പിന്റെ കുതന്ത്രങ്ങൾ വെള്ളത്തിലാക്കിയത് പട്ടികവർഗ വിദ്യാർഥികളെയാണ്.ഹയർ സെക്കൻഡറിയുടെ മാർക്കും പ്രവേശന പരീക്ഷയുടെ മാർക്കും ചേർത്ത് റാങ്ക് അനുസരിച്ചുമാത്രം വിദ്യാർഥികളെ പ്രവേശിപ്പിക്കുന്ന, കരാർ ഒപ്പിടാത്ത കോളജുകളിൽ ഇതുപോലെതന്നെ പ്രവേശന പരീക്ഷയിൽ അമ്പതുശതമാനം മാർക്കില്ലാത്ത എന്നാൽ, ഹയർ സെക്കൻഡറി പരീക്ഷയിൽ വളരെ നല്ല മാർക്കു വാങ്ങിയ കുറച്ച് വിദ്യാർഥികളെ പ്രവേശിപ്പിച്ചതിനെതിരേ ആ ക്രോശം മുഴക്കുന്ന വിപ്ലവ വിദ്യാർഥി സംഘടനകൾ കരാർ ഒപ്പിട്ട കോളജുകളിൽ ഒരു നല്ലപങ്കും പ്രവേശന പരീക്ഷയിൽ അമ്പതു ശതമാനം മാർക്കില്ലാത്തവരാണെന്നകാര്യം വിസ്മരിക്കയാണെന്ന് ഫാ. നെൽപ്പുരപ്പറമ്പിൽ പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി

### 04. വിദ്യാർഥികൾ മൂല്യാധിഷ്ഠിത ഭാവി ലക്ഷ്യം വയ്ക്കണം: മാർ പവ്വത്തിൽ 15 10 2008

മൂല്യങ്ങളിൽ അധിഷ്ഠിതമായ ഭാവി ലക്ഷ്യം വച്ചു പ്രവർത്തിക്കുവാൻ വിദ്യാർഥികൾക്ക് കഴിയണമെന്ന് ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ. കിളിമല എസ്.എച്ച് പബ്ലിക് സ്കൂൾ ആൻഡ് ജൂണിയർ കോളജിൽ നടന്ന ഏഴാമത് അഖില കേരള ഇന്റർ സ്കൂൾ ക്വിസ് മത്സരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.മത്സരത്തിൽ 25 സ്കൂളുകളിൽ നിന്നായി 50 വിദ്യാർഥി പ്രതിനിധികൾ പങ്കെടുത്തു. കാഞ്ഞിരപ്പള്ളി സെന്റ് ആന്റണീസ് പബ്ലിക് സ്കൂൾ ഒന്നാംസ്ഥാനവും കിളിമല എസ്.എച്ച്. പബ്ലിക് സ്കൂൾ രണ്ടാംസ്ഥാനവും വാഴപ്പള്ളി സെന്റ് തെരേസാസ് മൂന്നാംസ്ഥാനവും കരസ്ഥമാക്കി. പ്രിൻസിപ്പൽ ഫാ.മാത്യു താന്നിയത്ത് വിജയികൾക്ക് ട്രോഫിയും കാഷ് അവാർഡും വിതരണം ചെയ്തു.

### 05. ക്രൈസ്തവ വിശ്വാസം കാത്തുസൂക്ഷിക്കണം; മാർ മാത്യു അറയ്ക്കൽ 20-10-2008

ക്രൈസ്തവ കുടുംബങ്ങളിലെ മാതാപിതാക്കൾ വിശ്വാസം കാത്തു സൂക്ഷിക്കുകയും സംരക്ഷിക്കുകയും ചെയ്യണമെന്ന് ബിഷപ് മാർ മാത്യു അറയ്ക്കൽ. രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ ആിമുഖ്യത്തിൽ നടത്തിയ ദമ്പതി സുവർണ ജൂബിലി സംഗമത്തിൽ സന്ദേശം നൽകി പ്രസംഗിക്കുകയായിരുന്നു മാർ അറയ്ക്കൽ.വിവാഹമെന്ന കൂദാശയിലൂടെ ഒന്നായി സഭയെ ധന്യമാക്കുകയാണ് ക്രൈസ്തവ ദമ്പതികളുടെ കടമ. മാതാപിതാക്കളാൽ സഭ ധന്യമായിരിക്കുകയാണെന്നും, അരൂപിയിൽ നിറഞ്ഞ് ഒന്നിച്ചു യാത്ര ചെയ്തു കൊണ്ട് സഭയ്ക്കും സമൂഹത്തിനും മാതൃകാപരമായ ജീവിതമാണ് വിവാഹ സുവർണ ജൂബിലി ആഘോഷിക്കുന്ന ദമ്പതികൾ നയിക്കുന്നതെന്നും മാർ മാത്യു അറയ്ക്കൽ പറഞ്ഞു.

**06. പാവപ്പെട്ട വിദ്യാർഥികൾക്ക് നീതി നിഷേധിക്കുന്നു: ഇന്റർ ചർച്ച് കൗൺസിൽ** 21-10-2008

സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും പഠിക്കുന്ന വിദ്യാർഥികൾക്ക് പ്രഫഷണൽ കോഴ്സുകൾക്ക് പ്രവേശനം കിട്ടാത്ത സാഹചര്യമാണ് കേരള സർക്കാർ സൃഷ്ടിക്കുന്നതെന്ന് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യുക്കേഷന്റെ വക്താവ് പ്രസ്താവിച്ചു. കേരളത്തിലെ പാവപ്പെട്ട വിദ്യാർഥികൾക്ക് നീതി നിഷേധിക്കുന്ന ഈ നിലപാടിൽ നിന്നും സർക്കാർ പിന്മാറണമെന്ന് കൗൺസിൽ ആവശ്യപ്പെട്ടു. ഏകജാലകത്തിൽ ഹയർ സെക്കൻഡറിയിലേക്ക് പ്രവേശനം ഏർപ്പെടുത്തിയതുകൊണ്ടുതന്നെ മറ്റു വിദ്യാലയങ്ങളേക്കാൾ നൂറ് അധ്യയനദിനങ്ങളാണ് സർക്കാർ എയ്ഡഡ് ഹയർ സെക്കൻഡറിക്ക് നഷ്ടമായത്. അതായത് പകുതിവർഷത്തെ പഠനമാണ് സർക്കാർ ഈ വിദ്യാർഥികൾക്ക് നിഷേധിച്ചത്. ക്ലാസുകൾ ആരംഭിച്ചിട്ടും എല്ലാവർക്കും പാഠപുസ്തകം എത്തിക്കാൻ വിദ്യാഭ്യാസവകുപ്പിന് കഴിഞ്ഞിട്ടില്ല. പാഠപുസ്തകമില്ലാത്തതുകൊണ്ട് ഫലപ്രദമായി പഠിക്കാൻ കഴിയാത്ത സാഹചര്യമാണ് ഈ വിദ്യാലയങ്ങളിൽ സർക്കാർ സൃഷ്ടിച്ചിരിക്കുന്നത്. പാഠപുസ്തകം വിദ്യാർഥികൾക്ക് സമയത്തിനു എത്തിക്കുന്നതിന് തടസം സൃഷ്ടിച്ചവരെ നിയമത്തിനു മുന്നിൽ ഹാജരാക്കാനും മാതൃകാപരമായി ശിക്ഷിക്കാനും വിദ്യാഭ്യാസമന്ത്രി തയാറാകണമെന്ന് വക്താവ് റവ. ഡോ. ഫിലിപ്പ് നെൽപ്പുരപ്പറമ്പിൽ ആവശ്യപ്പെട്ടു.

**07. വിശുദ്ധ അൽഫോൻസാമ്മ ക്രൈസ്തവ വിശ്വാസത്തിന്റെ മാതൃക: മാർ ആനിക്കുഴിക്കാട്ടിൽ** 22-10-2008

വിശുദ്ധ അൽഫോൻ സാമ്മ ക്രൈസ്തവ വിശ്വാസത്തിനും ജീവിതത്തിനും ശരിയായ മാതൃകയാണെന്ന് ഇടുക്കി ബിഷപ് മാർ മാത്യു ആനിക്കുഴിക്കാട്ടിൽ. അടിമാലി സെന്റ് ജൂഡ് ടൗൺ പള്ളിയിൽ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാന മധ്യേ സന്ദേശം നൽകുകയായിരുന്നു ബിഷപ്. ജീവിതത്തിലെ സഹനങ്ങളെ എങ്ങനെ അഭിമുഖീകരിക്കണമെന്നതാണ് അൽഫോൻസാമ്മയുടെ ജീവിതം നമുക്കു കാണിച്ചുതരുന്നത്. സഹനങ്ങളെ ദൈവം തരുന്നതായിക്കണ്ട് സന്തോഷപൂർവം സ്വീകരിക്കുമ്പോഴാണ് അൽ ഫോൻസാമ്മയുടെ ജീവിതം നമുക്കു മാതൃകയാകുന്നതെന്നും വിശുദ്ധ അൽഫോൻസാമ്മയോട് മാധ്യസ്ഥം തേടി പ്രാർത്ഥിക്കണമെന്നും ബിഷപ് ഉദ്ബോധിപ്പിച്ചു.

**08. കാനൻ നിയമം സഭയ്ക്ക് പരിരക്ഷ : ബിഷപ് തെക്കെത്തേച്ചേരിൽ** 24-10-2008

വത്തിക്കാൻ സൂനഹദോസിന്റെ സന്ദേശങ്ങൾ സ്വാംശീകരിച്ച കാനോൻ നിയമസംഹിതയാണ് സഭയെ പരിരക്ഷിക്കുന്നതെന്നു വിജയപുരം ബിഷപ് ഡോ. സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ. 114 കോടി ലത്തീൻ കത്തോലിക്കരുടെ ജീവിത നിയമമായ "കോഡക്സ് യൂരിസ് കാനോനിച്ചി" (സി.ഐ.സി) പ്രസിദ്ധീകൃതമായതിന്റെ രജത ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് വിമലഗിരി പാസ്റ്ററൽ സെന്ററിൽ വിജയപുരം രൂപത സംഘടിപ്പിച്ച പൊതുസമ്മേളനത്തിൽ അധ്യക്ഷതവഹിച്ചു പ്രസംഗിക്കുകയായിരുന്നു ബിഷപ്. വടവാതൂർ അപ്പസ്തോലിക് സെമിനാരി റെക്ടർ റവ.ഡോ. ജോർജ് മഠത്തിക്കണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ മോൺ. ജോസ് നവസ്, റവ.ഡോ. ജോസി കണ്ടനാട്ടുതറ, സിസ്റ്റർ ലിറ്റിൽ ഫ്ളവർ, കെ.പി ജോൺ, ഫാ. സെൽവി ആന്റണി എന്നിവർ പ്രസംഗിച്ചു. പാനൽ ചർച്ചകൾക്ക് കെ.ജെ പോൾ, മിനി ഷാജി, സിസ്റ്റർ ബെർളി ജോർജ് എന്നിവർ നേതൃത്വം നൽകി.റവ.ഡോ. ഷാജി ജർമൻ ,റവ.ഡോ. ജോസി കണ്ടനാട്ടുതറ,റവ.ഡോ. സേവ്യർ കുടിയാംശേരി റവ.ഡോ. ആന്റണി എന്നിവർ പഠനശിബിരവും ചർച്ചകളും നയിച്ചു. ഫാ. സെൽവി ആന്റണി, ഫാ. വർഗീസ് കൊട്ടയ്ക്കാട്ട്, ഫാ. ടോം ജോസ് എന്നിവർ നേതൃത്വം നൽകി.